(സി) തുറമുഖ അധികാരികൾ.

(ഡി) ഉണ്ട്.

(ഇ) നീലേശ്വരം ചെറുവത്തൂർ തുറമുഖ പരിധിയിൽ മടക്കര, ഓരിക്കടവ്, കോട്ടപ്പുറം, തൈക്കടപ്പുറം, കാസർഗോഡ് തുറമുഖ പരിധിയിൽ ചളിയംകോട്, പള്ളം, ഹേസൽകുടി, മഞ്ചേശ്വരം, അഴീക്കൽ തുറമുഖ പരിധിയിൽ വളപട്ടണം പുഴയിൽ നിന്നും തുറമുഖ ചാനലിൽ നിന്നും വടകര തുറമുഖ പരിധിയിൽ മുരാട്പുഴ.

(എഫ്) ഉണ്ട്. ഇൻഡ്യൻ പോർട്ട് ആക്ട് സെക്ഷൻ 10 (1) പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly

മലമ്പുഴ ഡാമിൽ നിന്നുള്ള വെള്ളം നേരിട്ട് ലിങ്ക് കനാൽ വഴി ചേരാമംഗലം ഡാമിലേക്ക് എത്തിക്കുന്നതിന് പദ്ധതി

40 [1018] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന ആവശ്യത്തിന് മലമ്പുഴ ഡാമിൽനിന്നുള്ള വെള്ളം നേരിട്ട് ലിങ്ക് കനാൽ വഴി ചേരാമംഗലം ഡാമിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം എത്ര തുക നീക്കി വച്ചിട്ടുണ്ട്;

(ഡി) പദ്ധതി പൂർത്തിയാക്കുമ്പോൾ ഏതെല്ലാം പ്രദേശത്ത് എത്ര ഹെക്ടർ കൃഷിഭൂമിക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) മലമ്പുഴ ഡാമിൽ നിന്നും ചേരാമംഗലം ഡാമിലേക്ക് പല്ലാവൂർ ബ്രാഞ്ച് കനാൽ വഴി നേരിട്ട് വെള്ളം എത്തിക്കുന്നതിനുള്ള ഒരു പദ്ധതി ''രാഷ്ട്രീയ സംവികാസ്'' യോജനയിൽപ്പെടുത്തി അനുമതിക്കായി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിരുന്നു. എന്നാൽ ആർ.എസ്.വി. വൈ.-യുടെ ഒന്നാം ഘട്ടത്തിൽ ഈ പദ്ധതിക്ക് അനുമതി ലഭിച്ചില്ല. രണ്ടാം ഘട്ടത്തിൽ ഈ പദ്ധതി ഉൾപ്പെടുത്തുന്നതിന് അനുമതി ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തുക നീക്കിവച്ചിട്ടില്ല.

(ഡി) ചേരാമംഗലം പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്തുള്ള 1200 ഹെക്ടർ സ്ഥലത്ത് കൃഷിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.